പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*390

24.06.2019 -ലെ മറുപടിയ്ക്ക്

## പുതിയ പ്ലാന്റേഷൻ പോളിസി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. ഡി.കെ.മുരളി<br>ശ്രീ.ജോൺ ഫെർണാണ്ടസ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശകൾ പരിഗണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രവർത്തനരഹിതമോ ഉപേക്ഷിക്കപ്പെട്ടതോ ആയ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | ബി)ഉപേക്ഷിക്കപ്പെട്ടതോ ദീർഘകാലമായി പ്രവർത്തനരഹിതമായതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാൻ 23.10.2018-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്. |
| സി) പുതിയ പ്ലാന്റേഷൻ പോളിസിയ്ക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | സി) ഉണ്ട്. തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായുള്ള പ്ലാന്റേഷൻ പോളിസിയുടെ കരട് തയ്യാറാക്കി വരുന്നു. |
| ഡി) പ്ലാന്റേഷൻ നികുതി, കാർഷികാദായ നികുതി, ലയങ്ങളുടെ കെട്ടിട നികുതി തുടങ്ങിയവ ഒഴിവാക്കിയിട്ടുണ്ടോ; | ഡി) പ്ലാന്റേഷൻ നികുതി, കാർഷികാദായ നികുതി, ലയങ്ങളുടെ കെട്ടിട നികുതി എന്നിവ ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചു വരുന്നു. |
| ഇ) തോട്ടങ്ങളുടെ പാട്ടം പുതുക്കിനൽകുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ ഇത് ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ? | ഇ) പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ - നിയമം വകുപ്പുകളുടെ പരിഗണനയിലാണ്. |

Sreelda
സെക്ഷൻ ഓഫീസർ

**അനുബന്ധം**

1 കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

2 കാർഷികാദായ നികുതി പൂർണ്ണമായും. ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

3 തോട്ടങ്ങളിൽ എല്ലാ ലയങ്ങളും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

4 റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിവരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കി കൊണ്ട് 27/06/2018-ലെ സ.ഉ.(കൈ)24/18/വനം നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

5 സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

6 തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ സ്കീം ബാധകമാക്കുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

7 പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടംപുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യു നിയമ വകുപ്പുകളുടെ പരിഗണനയിലാണ്.

8 കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് &മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൈൽ) ആക്റ്റിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കികൊണ്ട് നടപടി സ്വീകരിച്ചു.

9 ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

10 തൊഴിലാളികളുടെ വേതന പരിഷ്കരണം കാലാകാലം നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

11 പ്ലാന്റേഷൻ മേഖലയുടെ പ്രശ്ന പരിഹാരത്തിന് പ്ലാന്റേഷൻ പോളിസി രൂപീകരിക്കുവാൻ തീരുമാനിച്ചു.

Sreelda

**സെക്ഷൻ ഓഫീസർ**